| | |
|---|---|
| നം.കെ.എസ്.എ.പി.റ്റി.എ.പി7-1629/2018 | തീയതി: 14/01/2019 |

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.09.2017 മുതൽ 15.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.12.2018 മുതൽ 27.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ അനിൽകുമാർ സി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ മഹേഷ് കുമാർ കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ അരുൺകുമാർ.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എം.എസ്.സുജാത | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. എം.റ്റി. മനോജ് | 01.04.2017മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ | സൂസി ജേക്കബ് | 01.04.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി | | |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ലക്ഷ്മി അജിത്ത് | 01.04.2017മുതൽ 31.03.2018 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | തോമസ് ബാബു | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി എം. മേരിക്കുട്ടി | 01.04.2017 മുതൽ 08.06.2017വരെ |
| | ശ്രീമതി എൽ. വിജയമ്മ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 09.06.2017മുതൽ 18.06.2017 വരെ |
| | ശ്രീ. സജികുമാർ | 19.06.2017മുതൽ 27.06.2017 വരെ |
| | ശ്രീമതി എൽ. വിജയമ്മ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 28.06.2017മുതൽ 01.08.2017വരെ |
| | ശ്രീ സതീഷ് ബാബു എസ്. | 02.08.2017മുതൽ 31.03.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എൽ. വിജയമ്മ | 01.04.2017 മുതൽ 19.01.2018 വരെ |
| | ശ്രീ. സതീശൻ വി.എസ്. (ഇൻ ചാർജ്) | 20.01.2018 മുതൽ 04.02.2018 വരെ |
| | ശ്രീമതി ജലീലാ ബീവി | 05.02.2018 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. സജു പി. കര്യാക്കോസ് | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. വിനി ആൻ വർഗീസ് | 01.04.2017മുതൽ 04.07.2017 വരെ |
| | ഡോ. എ കണ്ണൻ | 05.07.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (കൊറ്റനാട്) | ശ്രീ. ഹാരിസ് എസ് | 01.04.2017മുതൽ 06.11.2017 വരെ |
| | സുബിൻ എസ് | 07.11.2017മുതൽ 30.01.2018 വരെ |
| | രഞ്ജിനി പി. വി | 31.01.2018 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ. (പെരുംപെട്ടി) | ഹാരിസ് പി | 01.04.2017മുതൽ 01.06.2017 വരെ |
| | ഏബ്രഹാം | 02.06.2017മുതൽ 23.07.2017 വരെ |
| | സുബിൻ എസ് | 24.07.2017 മുതൽ 31.03.2018 വരെ |
| അസ്സിസ്റ്റന്റ് എൻജിനീയർ | ശ്രീ നിസാം ഐ. | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ചിത്രാകുമാരി വി | 01.04.2017മുതൽ 28.11.2017 വരെ |
| | ശ്രീമതി സോണി എസ്.ആർ. | 29.11.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) | ഡോ. വീണ വർഗീസ് | 01.04.2017മുതൽ 31.05.2017 വരെ |
| | ഡോ. ലക്ഷ്മി ആർ | 01.06.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. അഗസ്റ്റിൻ ഫിഡലിസ് ഇ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | ശ്രീ. സജീവ് | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി വിദ്യ എസ് | 01.04.2017മുതൽ 31.03.2018 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം:</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18

4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-9 |
| 10 | ക്യാഷ് വേരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു. | 2-1 |
| 14 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ | 2-2 |
| 15 | കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-3 |
| 16 | ഡി&ഒ ലൈസൻസ് - ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 2-4 |
| 17 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-5 |
| 18 | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല | 2-6 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19 | ഗ്രാമപഞ്ചായത്തിനു ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടു | 3-1 |
| 20 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ- പദ്ധതി | 3-2 |

| | | |
|---|---|---|
| | നടപ്പാക്കിയിട്ടില്ല. | |
| 21 | കേരള വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയ സെന്റേജ് ചാർജ് തിരികെ ഈടാക്കാം. | 3-3 |
| 22 | മരുന്നുവാങ്ങൽ പദ്ധതികൾ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-4 |
| 23 | 2014-15-ൽ എഗ്രിമെന്റ് വച്ച ഗുണഭോക്തൃ സമിതി പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 3-5 |
| 24 | കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ചുമത്തുന്നില്ല | 3-6 |
| 25 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം. | 3-7 |
| 26 | കരാറുകാരന് നൽകിയ പ്രതിഫലത്തിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 3-8 |
| 27 | കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത. | 3-9 |
| 28 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-10 |
| 29 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. | 3-11 |
| 30 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം-പദ്ധതികൾ നടപ്പിലാക്കുന്നില്ല. | 3-12 |
| 31 | ആശ്രയ പദ്ധതി- നടത്തിപ്പിൽ അലംഭാവം | 3-13 |
| | ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 35 | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | 29.03.2017ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 10.01.2018 ലെ 2-ാം നമ്പർ തീരുമാനം |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 3754680 | 3415872 | -338808 |
| വരവ് | 42589736 | 37140541 | -5449195 |
| ആകെ | 46344416 | 40556413 | -5788003 |
| ചെലവ് | 42216063 | 37600758 | -4615305 |
| നീക്കിയിരിപ്പ് | 4128353 | 2955655 | -1172698 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളെയും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 29.05.18 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിന്റെ വിവരം |
|---|---|
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.7/650/18 തീയതി 12.07.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 3415872 |
| വരവ് | 37140541 |
| ആകെ | 40556413 |
| ചെലവ് | 37600758 |
| നീക്കിബാക്കി | 2955655 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 8427000 | 8427000 | 6154530 | 2272470 |
| വികസന ഫണ്ട് (എസ്.സി.പി) | | 3973572 | 3973572 | 3751349 | 222223 |
| വികസന ഫണ്ട് (ടി.സി.പി) | | - | - | - | 0 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | | 3958177 | 3958177 | 0 | 3958177 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 7202000 | 7202000 | 7160594 | 41406 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 2591000 | 2591000 | 1704294 | 886706 |
| ലോകബാങ്ക് സഹായം (കെ.എൽ.എസ്.ജി.ഡി.പി) | | 1665598 | 1665598 | 1434179 | 231419 |
| തനത് ഫണ്ട് (കോ-ഓപ്പറേറ്റീവ് ബാങ്ക്) | 67944 | 3056 | 71000 | 0 | 71000 |
| തനത് ഫണ്ട് (ഐ.ഒ.ബി.) | 113195 | 18530 | 131725 | 0 | 131715 |
| തനത് ഫണ്ട് | 2464178 | 7227167 | 9691345 | 7942826 | 1748519 |
| ട്രഷറി ടി.എസ്.ബി. അക്കൗണ്ട് | 765537 | 5642705 | 6406242 | 5924966 | 481276 |
| എം.എൻ.ആർ.ജി.എസ് | 371 | 8626942 | 8627313 | 8626569 | 1115 |
| സാക്ഷരത | 128480 | 62380 | 190860 | 0 | 190860 |
| എസ്.ബി.ഐ.- ഇ-പേയ്മെന്റ് അക്കൗണ്ട് | | 25890 | 0 | | 25890 |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | 0 | 1485716 | 1485716 | 1485644 | 72 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 135 | 101 | 2 | 32 | 76.3 |

പദ്ധതി നിർവ്വഹണത്തിലെ അപാകത

1. അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ആവിഷ്കരിച്ച 18 സ്പിൽ ഓവർ പ്രവൃത്തികളിൽ 15 എണ്ണം മാത്രമാണ് നടപ്പാക്കി തുക ചെലവഴിച്ചത്. പുല്ലേലിൽ അങ്കണവാടി മെയിന്റനൻസ് എന്ന സ്പിൽ ഓവർ പ്രവൃത്തി പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിച്ചിരുന്നുവെങ്കിലും ക്യൂവിൽ ഉൾപ്പെടുത്തിയതിനാൽ തുക തൻ വർഷം മാറിയില്ല ഇത്തരത്തിൽ സ്പിൽ ഓവർ പ്രവൃത്തികൾക്കായി വകയിരുത്തിയ 231700/- രൂപ ലാപ്സായി. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
2. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ചപ്പാടിൽ നിന്നും മാറി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ രണ്ടോ മൂന്നോ വാർഡുകളിൽ ഉൾപ്പടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് അസി.എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
3. റോഡ് പ്രവൃത്തികൾക്ക് തൻ വർഷം ജില്ലാ പഞ്ചായത്ത് ഫണ്ട് , എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.
4. സർക്കാർ നിർദ്ദേശം അനുസരിച്ച് നാളിതുവരെ ഗ്രാമ പഞ്ചായത്ത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യക്തമായ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി റോഡുകളുടെ അളവുകളും കണക്ടിവിറ്റിയും പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടില്ല.
5. തെരുവ് വിളക്കുകളുടെ പരിപാലനം, സ്ട്രീറ്റ് ലൈൻ നീട്ടൽ എന്നീ പദ്ധതികളാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഊർജ്ജ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല.
6. 4 സ്പിൽ ഓവർ പ്രവൃത്തിയുൾപ്പെടെ 5അങ്കണവാടികളുടെ മെയിന്റനൻസിന് തൻ വർഷം പ്രോജക്ട് ആവിഷ്കരിച്ചിരുന്നുവെങ്കിലും രണ്ടെണ്ണം മാത്രമാണ് നടപ്പാക്കി തുക ചെലവഴിച്ചത്. 125 ാം നം. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി തൻ വർഷം സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ പ്രോജക്ടും നടപ്പാക്കിയില്ല. പ്രോജക്ടുകൾ നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നിർദ്ദേശം ഉണ്ടാകേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | **%(+)/(-)** |
| --- | --- | --- | --- | --- |
| നികുതി വരവുകൾ | 2666440 | 5109509 | 2443069 | +91.6 |
| നികുതിയേതര വരവുകൾ | 259169 | 802037 | 542868 | +209 |
| മറ്റ് വരവുകൾ | 14906 | 11871 | -3035 | -20 |
| ആകെ | **2940515** | **5923417** | **2982902** | **+101** |

## 1-8 തൊഴിലുറപ്പ് പദ്ധതി

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
| --- | --- | --- | --- | --- | --- |
| ഭരണ ചെലവുകൾ | 371 | 391801 | 392172 | 391057 | 1115 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 8228512 | 8228512 | 8228512 | |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | | 7000 | 7000 | 7000 | |

## 1-9 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
| --- | --- | --- | --- |
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 334 | 1225700 |
| 2 | വിധവാ പെൻഷൻ | 606 | 4513200 |
| 3 | വികലാംഗ പെൻഷൻ | 166 | 1503200 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 250400 |
| 5 | വാർദ്ധക്യകാല പെൻഷൻ | 1231 | 13327900 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2018 2.00 PM-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 1125 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 08.10.18-10.10.18 | 8/18 മുതൽ 9/18 വരെ | 3.12.2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.18-10.07.18 | 2013 -14 മുതൽ 2017-18 വരെ | 6.09.2018 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.ആയവ പരിഹരിക്കേണ്ടതാണ്.

1. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ ''കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)'' എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. (IOB-6546/-,Kottanadu SCB-516645/-)
2. ഷെഡ്യൂൾ B-15: AFS പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തി രജിസ്റ്റർ Balance Sheet B-11 Schedule- മായി പൊരുത്തപ്പെടുന്നില്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ 100ചതുരശ്രമീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പരും ഉപയോഗക്രമവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | സി.എ.സലിം<br>അജ്മൽ മൻസിൽ<br>പെരുമ്പെട്ടി.പി.ഒ | 2/392A<br>വാണിജ്യം | 27 | 30 | 50 |
| | | 2/392B<br>വാണിജ്യം | 38.77 | | |
| | | 2/392C<br>വാണിജ്യം | 38.77 | | |
| | | 2/392D<br>വാണിജ്യം | 43.27 | | |
| ആകെ വിസ്തീർണ്ണം | | | 147.81 | | |
| 2 | ഉഷാകുമാരി.ജി<br>ലതാകുമാരി<br>സുരേഷ്<br>വൈശാഖ്<br>വെള്ളയിൽ.പി.ഒ | 7/326A<br>വാണിജ്യം | 14.52 | 30 | 50 |
| | | 7/326B<br>വാണിജ്യം | 14.52 | | |
| | | 7/326C<br>വാണിജ്യം | 14.52 | | |
| | | 7/326D<br>വാണിജ്യം | 14.52 | | |
| | | 7/326E<br>വാണിജ്യം | 14.52 | | |
| | | 7/326F<br>വാണിജ്യം | 23.055 | | |
| | | 7/326G<br>വാണിജ്യം | 23.055 | | |
| | | 7/326H<br>വാണിജ്യം | 23.055 | | |
| | | 7/326I<br>വാണിജ്യം | 32.055 | | |

| | | | | | |
|---|---|---|---|---|---|
| ആകെ വിസ്തീർണ്ണം | | | 173.82 | | |
| 3 | റെജി.പി.ഈശോ പാലയ്ക്കാമണ്ണിൽ തീയാടിയ്ക്കൽ | 9/450A വാണിജ്യം | 33.39 | 30 | 50 |
| | | 9/450B വാണിജ്യം | 15.44 | | |
| | | 9/450C വാണിജ്യം | 47.08 | | |
| | | 9/450D വാണിജ്യം | 47.08 | | |
| | | 9/450E വാണിജ്യം | 43.14 | | |
| | | 9/450G വാണിജ്യം | 32.18 | | |
| ആകെ വിസ്തീർണ്ണം | | | 218.31 | | |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

കൊറ്റനാട് ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | **31.03.18-**ലെ ബാലൻസ് തുക |
|---|---|---|---|
| 1 | കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് | 1591 | 71000 |
| 2 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, ചാലാപ്പള്ളി ശാഖ. | 1 | 1748519 |

തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ആയി ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ പരിപാലിക്കാൻ പാടുള്ളൂ എന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുതാര്യമായ സാമ്പത്തിക നിയന്ത്രണത്തിനായി, ഒരു അക്കൗണ്ട് ഒഴികെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ബാലൻസ് തുക

തനത് വരുമാനം സൂക്ഷിക്കുന്നതിന് നിലനിർത്താൻ ഉദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്. നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

പഞ്ചായത്തിലെ അംഗീകൃത കോൺട്രാക്ടർമാരായ, ചുവടെ പറയുന്ന വ്യക്തികളിൽനിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1.ശ്രീ.ഡേവിസ്.കെ.ചെറിയാൻ,കുറുന്തോട്ടിക്കൽ,പെരുമ്പെട്ടി

2.ശ്രീ.ജോൺസൺ.വി.ജെ,വെള്ളയിൽപുത്തൻവീട്,വെള്ളയിൽ
3.ശ്രീ.ജോൺ.സി.തോമസ്,ചെല്ലിക്കുന്നേൽ,ഇരുത്തിക്കാട്
4.ശ്രീ.ഹരിലാൽ.പി.ജെ.,പ്ലാച്ചേരിമണ്ണിൽ,വെള്ളിയറ 5.ശ്രീ.ഫിലിപ്പ് തോമസ്,പുത്തൻകയ്യാലയിൽ,കൊറ്റനാട് 6.ശ്രീ.സുധീർ.കെ,കുളത്തിങ്കൽ,തടിയൂർ 7.ശ്രീ.ജോസഫ് മാത്യു,കുടത്തിനാലിൽ,ഉന്നക്കാവ്

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ വ്യക്തികളിൽനിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് - ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. 2017-18 വർഷം ലൈസൻസ് എടുത്തതിൽ 3സ്ഥാപനങ്ങൾ ഒഴികെ മറ്റ് സ്ഥാപനങ്ങൾ എല്ലാം ചട്ടപ്രകാരമുള്ള സമയത്തിനു ശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2017 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ എല്ലാ സ്ഥാപനങ്ങളും തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 റേഷൻകടകളും ലൈസൻസ് എടുത്തിട്ടില്ല. റേഷൻകടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല

08.03.2017ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സിൽ തീരുമാനം നം.3 ആയി ശ്രീ.പി.വി.ശാമുവേൽ,കിഴക്കേപാറാമഠത്തിൽ,ചാലാപ്പള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ള XIII/284 -ാം നമ്പർ കെട്ടിടം 84 ച.മീ.വിസ്തീർണ്ണമുള്ള വാസഗൃഹമായാണ് അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ ടി കെട്ടിടം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വിപുലീകരിച്ചിട്ടുണ്ടെന്നും 700 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണം ഉണ്ടെന്നും നിലവിൽ ടി കെട്ടിടം വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നതായും സ്ഥലപരിശോധനയിൽ ബോധ്യമായതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം വർഷങ്ങളായി പഞ്ചായത്തിനു വരുമാന നഷ്ടം ഉണ്ടായതായും ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമാക്കി കുടിശ്ശികയടക്കം നികുതി ഈടാക്കുന്നതിനും യഥാസമയം പഞ്ചായത്തിൽ അറിയിക്കാതെ നിർമ്മാണം നടത്തിയതിന് ടിയാനെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചിട്ടുണ്ട്. 08.03.2017 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ മുഴുവൻ തീരുമാനങ്ങളും 13.03.2017 ലെ ജനറൽ കമ്മറ്റി ഐകകണ്ഠേന അംഗീകരിച്ച തീരുമാനിച്ചിട്ടുണ്ട് {തീരുമാനം നം.IX(1)}. ഇതിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.16/27.12.2018) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്ന് ടി കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടില്ല എന്ന് വ്യക്തമാണ്. ടി കെട്ടിട നിർമ്മാണത്തിൽ 2011-ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടന്നിട്ടുണ്ടോ എന്ന വിഷയത്തിൽ അന്വേഷണം നടത്തേണ്ടതും ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിനു ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടു.

കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിരവധി ഭൂമി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഭൂമിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഗ്രാമപഞ്ചായത്ത് കരം അടയ്ക്കുന്നുണ്ടോയെന്നും അറിയുന്നതിനായി പെരുമ്പെട്ടി വില്ലേജ് ഓഫീസർക്കു ഓഡിറ്റ് കത്തു നൽകുകയും (തീയതി 20/12/2018) ഇവ സംബന്ധിച്ച ഒരു മറുപടി വില്ലേജ് ഓഫീസിൽ നിന്നു ലഭ്യമാകുകയും ചെയ്തു. ടി മറുപടി പ്രകാരം (നം.427/18 തീയതി 27/12/2018) ഗുരുതരമായ വീഴ്ച ആസ്തി രജിസ്റ്റർ തയ്യാറാക്കിയതിൽ സംഭവിച്ചതായി കണ്ടെത്തി. ഭൂരിഭാഗം ഭൂമിയുടേയും സർവ്വെ നമ്പരുകൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയവയാകട്ടെ തെറ്റായിട്ടുള്ളതുമാണ്.

ഗ്രാമപഞ്ചായത്തിന്റെതെന്നു കരുതിയ പല ഭൂമിയുടേയും ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിനില്ല എന്നും വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം | ആസ്തി രജിസ്റ്റർ പ്രകാരം | | | വില്ലേജ് രേഖകൾ പ്രകാരം | | |
|---|---|---|---|---|---|---|---|
| | | സർവ്വെ നമ്പർ | വിസ്തീർണ്ണം | | സർവ്വെ നമ്പർ | വിസ്തീർണ്ണം | |
| | | | ആർ | സ്ക്വയർ മീറ്റർ | | ആർ | സ്ക്വയർ മീറ്റർ |
| 1 | ജറുസലേം മർത്തോമ്മ ചർച്ചിനു | ലഭ്യമല്ല | 8 | - | 269/6 | 09.00 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | സമീപം | | | | | | |
| 2 | ഫാമിലി വെൽഫെയർ സെന്റർ,<br>ചാലാപ്പള്ളി-പെരുമ്പെട്ടി റോഡ് | ലഭ്യമല്ല | 8 | 11.25 | വിവരങ്ങൾ ലഭ്യമല്ല. | | |
| 3 | സാംസ്കാരിക നിലയം<br>ചിറത്തലയ്ക്കൽ–ഫോറസ്റ്റ് റോഡ് | ലഭ്യമല്ല | 1 | 21.380 | വിവരങ്ങൾ ലഭ്യമല്ല. | | |
| 4 | കുളം, പെരുമ്പെട്ടി ക്ഷേത്രത്തിനു സമീപം | ലഭ്യമല്ല | 13 | 10.90 | വിവരങ്ങൾ ലഭ്യമല്ല. | | |
| 5 | ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | ലഭ്യമല്ല | 20 | 23 | 116/8 | 22 | 00 |
| 6 | കുടുംബക്ഷേമ ഉപകേന്ദ്രം, വൃന്ദാവനം | ലഭ്യമല്ല | 1 | 50 | 354/6 | 04 | 00 |
| 7 | ഗ്രാമപഞ്ചായത്ത് ഓഫീസ്, വൃന്ദാവനം | ലഭ്യമല്ല | 12 | - | 354/7 | 12 | 80 |
| 8 | വനിതാ കോംപ്ലക്സ്,<br>മടത്തുംഞ്ചാൽ ജംഗ്ഷൻ,<br>ഖാദി കെട്ടിടം | ലഭ്യമല്ല | - | 52.80 | 340/8 | 25 | 20 |
| 9 | ആയുർവേദ ആശുപത്രി,<br>നടമലക്കുന്നു-ചാലാപ്പള്ളി | 28/18 | 2 | 2 | 28/4 | 01 | 22 |
| 10 | പുല്ലോലി സാംസ്കാരിക നിലയം | ലഭ്യമല്ല | 1 | 22 | വിവരങ്ങൾ ലഭ്യമല്ല. | | |
| 11 | P.H.C, കൊറ്റനാട് | 153/1-54 | 80 | 4.6 | 345/1 | 49 | 60 |
| 12 | മൃഗാശുപത്രി | ലഭ്യമല്ല | 10 | 11 | 184/3 | 09 | 70 |

**(i)** ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം സ്വകാര്യ വ്യക്തിയുടെ പേരിൽ.

വില്ലേജ് ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം പുല്ലാനിയിൽ വീട്ടിൽ, ശ്രീ. തോമ ചാക്കോയുടെ പേരിലാണ്. (തണ്ടപ്പേര് നം:35/1052). ഇതിന്മേൽ ഭരണസമിതി വിശദമായ അന്വേഷണം നടത്തേണ്ടതും സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ii) ആയുർവേദ ആശുപത്രിയും സ്വകാര്യ വ്യക്തികളുടെ പേരിൽ.

ആയുർവേദ ആശുപത്രി താളിയാനിക്കൽ രാമചന്ദ്രൻ നായർ,ശശീന്ദ്രൻ നായർ എന്നിവരുടെ പേരിലാണ്. (തണ്ടപ്പേര് നം:35/276). ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് വിശദമായ അന്വേഷണം നടത്തേണ്ടതും സ്ഥലം പേരിൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(iii) ഗ്രാമപഞ്ചായത്ത് ഓഫീസും കുടുംബക്ഷേമ ഉപകേന്ദ്രവും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഏരിയയിൽ വ്യത്യാസം.

ഗ്രാമപഞ്ചായത്ത് ഓഫീസും കുടുംബക്ഷേമ ഉപകേന്ദ്രവും ഒരേ കോമ്പൗണ്ടിലാണ് സ്ഥിതി ചെയ്യുന്നത്. ആസ്തി രജിസ്റ്റർ പ്രകാരം കുടുബക്ഷേമ ഉപകേന്ദ്രത്തിന് 1.50 ആർ' മാത്രമേയുള്ളൂ. എന്നാൽ വില്ലേജ് രേഖകൾ പ്രകാരം പ്രസ്തുത സ്ഥലം 4 ആർ ആണ്. ഗ്രാമപഞ്ചായത്ത് ഓഫീസിന് 12.80 ആർ സ്ഥലവുമുണ്ട്. ഇവ സർവ്വെയറെ വച്ച് അളക്കേണ്ടതും അതിരുകൾ തിരിച്ച് സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(iv) മടത്തുംഞ്ചാൽ ജംഗ്ഷനിലുള്ള വനിതാ കോംപ്ലക്സ് സർക്കാർ പുറമ്പോക്ക് സ്ഥലത്ത്.

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള വനിത കോംപ്ളകസ് വില്ലേജ് രേഖകൾ പ്രകാരം സർക്കാർ പുറമ്പോക്ക് സ്ഥലത്താണുള്ളത്. ഇത് ഖാദി ബോർഡിന്റെ കെട്ടിടമാണ്. എന്നാൽ മടത്തുഞ്ചാലിൽ പഞ്ചായത്തിന്റെ ഒരു കെട്ടിടം ഉള്ളതും അതിലെ കടമുറികളിൽ നിന്ന് വാടക പിരിക്കുന്നതുമാണ്.എന്നാൽ ഈ കെട്ടിടവും ഭൂമിയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പകരം ഖാദി ബോർഡിന്റെ കെട്ടിടമാണ് ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ളത്. ഇത്തരം വീഴ്ചകൾ പരിഹരിക്കേണ്ടതും പഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശവും ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ റവന്യൂ അധികാരികളിൽ നിന്നും ലഭ്യമാക്കി ആസ്തി രജിസ്റ്റർ കൃത്യമാക്കേണ്ടതും വിവരം ഓഡിറ്റിനു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(v) പി.എച്ച്.സി, കൊറ്റനാട്

ആസ്തി രജിസ്റ്റർ പ്രകാരം പി.എച്ച്.സി.ക്ക് 80 ആർ' ഏരിയ ഉള്ളതായി കാണിച്ചിട്ടുണ്ട്. മൃഗാശുപത്രിയുടെ അളവിലും കുറവുണ്ടായിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

(vi) സാംസ്കാരിക നിലയങ്ങൾ ഗ്രാമപഞ്ചായത്തിന്റേതാണോയെന്ന് ഉറപ്പാക്കിയിട്ടില്ല.

ചിറത്തലയ്ക്കൽ-ഫോറസ്റ്റ് റോഡ് സാംസ്കാരിക നിലയം, പുല്ലോലി സാംസ്കാരിക നിലയം എന്നിവ ഗ്രാമപഞ്ചായത്തിന്റെതാണോയെന്ന് ഉറപ്പാക്കിയിട്ടില്ല. വില്ലേജിൽ ഇതു സംബന്ധിച്ച വിവരങ്ങളില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചാത്ത് ഇപ്പോഴും ഇവയുടെ കറണ്ട് ചാർജ് തനതുഫണ്ടിൽ നിന്ന് അടവാക്കിവരുന്നുണ്ട്.ചാലാപ്പള്ളി-പെരുമ്പെട്ടി റോഡിലുള്ള ഫാമിലി വെൽഫെയർ സെന്ററിന്റെ വിശദാംശങ്ങളും വില്ലേജ് രേഖകളിൽ ഇല്ല. അതിനാൽ ഈ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിശദാംശങ്ങൾ കൃത്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ജറുസലേം മർത്തോമ്മ ചർച്ചിനു സമീപമുള്ള സ്ഥലം ആസ്തി രജിസ്റ്ററിൽ 8 ആർ ഉം വില്ലേജ് രേഖകളിൽ 9 ആർ ഉം ഉണ്ട്. അതിനാൽ ഈ സ്ഥലത്ത് കയ്യേറ്റം നടന്നിട്ടുണ്ടൊയെന്നു പരിശോധിക്കേണ്ടതും സ്ഥലം അളന്നു തിരിച്ച് സംരക്ഷിക്കേണ്ടതുമാണ്.

ഭൂമിയുടെ കരം ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ടോയെന്നും എന്നു വരെ അടവാക്കിയിട്ടുണ്ടെന്നും ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:8/2018 തീയതി 21.12.2018) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ടി ഭൂമിയുടെ സർവ്വെനമ്പരും ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ചും കൃത്യതയുണ്ടോയെന്നും പഞ്ചായത്ത് ഭൂമിയിൽ കൈയ്യേറ്റം നടന്നിട്ടുണ്ടോയെന്നും അറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്ത് ഭൂമിയുടെ ആധാരമോ അവയുടെ പകർപ്പുകളോ ഗ്രാമപഞ്ചായത്തിന്റെ കൈവശമുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിരുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വീഴ്ചകൾ പരിഹരിക്കേണ്ടതുമാണ്. സ.ഉ(കൈ) നം.255/2013/ത.സ്വ.ഭ.വ; 18.07.2013 ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ പൂർണ്ണവും കുറ്റമറ്റതാക്കിത്തീർക്കുന്നതിനുമുള്ള കർമ്മപദ്ധതി സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം നല്കിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - പദ്ധതി നടപ്പാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് 2017-18 വർഷം 6.78 ലക്ഷം രൂപ KSEB യിൽ അടവാക്കിയിരുന്നു.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 42/17-18,തെരുവു വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കൽ |
| ഫണ്ടിനം,അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 700000 |
| ചെലവു തുക, ബിൽ റഫറൻസ് നമ്പർ | 678400, 7184/06.03.2018 |
| സ്ഥാപനം,<br>അക്കൗണ്ട് നമ്പർ | KSEB, റാന്നി സൗത്ത് സെക്ഷൻ,<br>2319201000152, കാനറ ബാങ്ക്, ചാലാപ്പള്ളി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോയെന്നും അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:12/2018 തീയതി 26.12.2018) സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

KSEB, പത്തനംതിട്ട ഇലക്ട്രിക്കൽ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01.03.2018 ലെ ഭരണാനുമതി ഉത്തരവു പ്രകാരം (നം.AS/4112/17-18/463) മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഒരു സ്കീം പ്രകാരമുള്ളതാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഏതു സ്കീം എന്നു രേഖപ്പെടുത്തിയിട്ടില്ല. മീറ്ററിങ്ങിനുള്ള ഫണ്ട്, 2017-18 ലെ പത്തനംതിട്ട, ഇലക്ട്രിക്കൽ ഡിവിഷന്റെ ബഡ്ജറ്റിൽ നിന്നും കണ്ടെത്താമെന്നും ഭരണാനുമതി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ തെരുവുവിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രപദ്ധതികൾ (R-APDRP-Restructured Accelerated Power Development and Reforms Program) നിലവിലുണ്ടോയെന്നും അതു പ്രകാരം തുക വകയിരുത്തിയിട്ടുണ്ടോയെന്നും KSEB എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും വിവരം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 2017-18 ലെ പത്തനംതിട്ട, ഇലക്ട്രിക്കൽ ഡിവിഷന്റെ ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കു മീറ്ററിങ്ങിനു തുക വകയിരുത്തിയിട്ടുണ്ടോയെന്നും

അന്വേഷിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോടും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോടും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 കേരള വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയ സെന്റേജ് ചാർജ് തിരികെ ഈടാക്കാം.

2017-18 പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ താഴെ പറയുന്ന പദ്ധതിയ്ക്ക് തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 12.5% സെന്റേജ് ചാർജും 1690.75 രൂപ കണ്ടിജൻസി തുകയുമുൾപ്പെടെയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിയ്ക്കായി തിരുവല്ല, PH ഡിവിഷൻ, എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുള്ളത്. എന്നാൽ 10% സൂപ്പർവിഷൻ ചാർജും 2.5% സെന്റേജ് ചാർജും എന്ന നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നത്. PWD മാനുൽ ഖണ്ഡിക 1601.4 പ്രകാരം 2.5% സെന്റേജ് ചാർജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ

പാടില്ല.PWD മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമാണ്.തദ്ദേശ സ്വയം ഭരണ (FM) വകുപ്പിന്റെ 16.04.2018 ലെ സ.ഉ (സാധാ) നം.1069/2018/ത.സ്വ.ഭ വ ഉത്തരവ് പ്രകാരം K.W.A യ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ് ഈടാക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ/ പേര്/നിർവ്വഹണ ഉദ്യോഗസ്ഥൻ | എസ്റ്റിമേറ്റ് | അധികമായി നൽകിയ **2.5%** സെന്റേജ് ചാർജ് | ബിൽനമ്പർ/തീയതി/ ഫണ്ടിനം |
|---|---|---|---|
| 40/2017-18,നടയ്ക്കൽ ഭൂരഹിത കോളനി<br>പൈപ്പ് ലൈൻ<br>എക്സ്റ്റൻഷൻ,<br>സെക്രട്ടറി | എസ്റ്റിമേറ്റ്- ₹87386<br>സൂപ്പർവിഷൻ ചാർജ്<br>(10%)-₹8739<br>സെന്റേജ്(2.5%)- ₹2184.65<br>കണ്ടിജൻസി- ₹1690.75 | 2185 | വികസന ഫണ്ട്(SCP)- 100000<br>(ബിൽ നം:263520/<br>21.03.2018) |
| ആകെ | ₹100000 | | |

സെന്റേജ് ചാർജായി അടവാക്കിയ 2185 രൂപ തിരികെ ഈടാക്കാവുന്നതാണ്.

## 3-4 മരുന്നുവാങ്ങൽ പദ്ധതികൾ–മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായി പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുന്ന രോഗികൾക്കാവശ്യമായ മരുന്നുകൾ, പി.എച്ച്.സി.യ്ക്ക് ആവശ്യമായ മരുന്നുകൾ എന്നിവയ്ക്കായി തുക മുൻകൂറായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിലേയ്ക്ക് നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ പേര് | S.039/18പെയ്ൻ&പാലിയേറ്റീവ് കെയർ പദ്ധതി (സാന്ത്വനം) | S.046/18<br>പി.എച്ച്.സി.യ്ക്ക് മരുന്നുവാങ്ങൽ |
|---|---|---|
| അടങ്കൽ | വികസനഫണ്ട്-431600<br>തനത്ഫണ്ട് -116600<br>548200 | മെയിന്റനൻസ് ഫണ്ട്(റോഡിതരം)<br>- 100,000 |
| ചെലവ് | വികസനഫണ്ട്-431600<br>തനത്ഫണ്ട് -110799<br>542399 | മെയിന്റനൻസ് ഫണ്ട്(റോഡിതരം)<br>- 100,000 |
| കെ.എം.എസ്.സി.എൽ–ന് നൽകിയ തുകയുടെ | 17050852018400826811/<br>15.02.2018 | 17050852018400826807/<br>17.01.2018 |

| | | |
|---|---|---|
| ട്രഷറിബിൽനം./തീയതി | തുക- 150,000/- | തുക- 100,000/- |
| ലഭ്യമാക്കാനുള്ള മരുന്നുകൾ (തുക) | 44322രൂപ | 35644രൂപ |

നിർവ്വഹണ ഉദ്യോഗസ്ഥ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടീൽ ഉണ്ടാവേണ്ടതാണ്.

## 3-5 2014-15-ൽ എഗ്രിമെന്റ് വച്ച ഗുണഭോക്തൃസമിതി പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15 ൽ ആവിഷ്കരിച്ച് ഗുണഭോക്തൃസമിതി ഏറ്റെടുത്ത പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

278000/-രൂപ റോഡിതര ഫണ്ട് വകയിരുത്തി സാങ്കേതികാനുമതിയും ലഭ്യമാക്കി ആവിഷ്കരിച്ച കുരിശുമുട്ടം 119 ാം നം. അങ്കണവാടിയുടെ മെയിന്റനൻസ്(115/15) എന്ന പദ്ധതിയുടെ നിർവ്വഹണം ശ്രീ.സുരേഷ് കുമാർ കൺവീനറായുള്ള ഗുണഭോക്തൃ സമിതി 26-03-2015-ൽ കരാറിലേർപ്പെട്ട് ഏറ്റെടുത്തു. കരാറിൽ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. രണ്ട് കതകിന് ഷട്ടർ ഇടുക, ഫ്ലോർ ടൈൽ ഇടീൽ, ഫസ്റ്റ് ഫ്ലോറിൽ ട്രസ്സ് വർക്ക്, ബ്രിക്ക്സ് വർക്ക്, MS ഗ്രിൽ സ്ഥാപിക്കൽ, സ്റ്റീൽ സ്റ്റെയർ നിർമ്മാണം, pvc ഡോർ സ്ഥാപിക്കൽ എന്നീ ഇനങ്ങളായിരുന്നു എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അങ്കണവാടിയുടെ മുകൾ ഭാഗം മീറ്റിംഗുകൾ മുതലായവ സംഘടിപ്പിക്കുന്നനുള്ള ഹാൾ ആക്കി മാറ്റുന്നതിനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

171/14-15 ാം നം. അളവ് പുസ്തകം അനുസരിച്ച് 09/2015 ൽ ജി.ഐ പൈപ്പ് സ്ഥാപിച്ച് ജി.ഐ ഷീറ്റ് ഉപയോഗിച്ചുള്ള ട്രസ്സ് വർക്ക്, സ്റ്റീൽ സ്റ്റെയർ നിർമ്മാണം എന്നിവ മാത്രം നടപ്പാക്കി 92731/- രൂപയുടെ ഭാഗീക പ്രവൃത്തിമൂല്ല്യം കണക്കാക്കി നിയമ പ്രകാരമുള്ള നികുതികൾ കുട്ടിക്കിഴിച്ച് കൺവീനർക്ക് 91719/- രൂപ നൽകിയിട്ടുണ്ട്. പാർട്ട് ബിൽ (5/15-16/11-09-15) പ്രകാരം ആകെ 98295/- രൂപ ചെലവഴിച്ചിട്ടുണ്ട്. പാർട്ട് ബില്ലിൽ നിന്നും റിട്ടെൻഷൻ പിടിക്കാതെയാണ് കൺവീനർക്ക് തുക നൽകിയത്. ടി പ്രവൃത്തി തൻവർഷത്തെ വാർഷിക പദ്ധതിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്(154/18).

സമയബന്ധിതസായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും 25-01-2018 നകം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളണമെന്നും അല്ലാത്ത പക്ഷം കൺവീനറുടെ ഉത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് അസി. എഞ്ചിനിയർ 25-01-18 ൽ കൺവീനർക്ക് രജിസ്റ്റേർഡ് കത്ത് നൽകിയിരുന്നു. ആയതിന് ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു ഏജൻസിയെ ക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 3-6 കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ചുമത്തുന്നില്ല

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷം നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. പിഴ ചുമത്താതിരുന്നതു

മൂലം ഗ്രാമപ്പഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാനം നഷ്ടമാകുകയാണ് ഉണ്ടായത്.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ച നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ(PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷംകരാർ തുകയുടെ(PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായ് ചുമത്തേണ്ടത്. കരാർ കാലാവധി കഴിഞ്ഞ പ്രവൃത്തികൾക്ക് ഒന്നിനും തന്നെ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ പിഴ ചുമത്തിക്കൊണ്ട് കാലാവധി നീട്ടി നൽകുകയോ ചെയ്യാതെയാണ് പ്രവൃത്തി പൂർത്തീകരിപ്പിച്ചിട്ടുള്ളത്. പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്താതിരുന്നത് മൂലം പിഴയിനത്തിൽ വരുമാന നഷ്ടവുമുണ്ടായി. മാന്വൽ അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | **PAC** തുക | കാലാവധി | ചുമത്തേണ്ട പിഴ |
|---|---|---|---|---|
| 1. | മഠത്തും ചാൽ പി.എച്ച്.സിയുടെ മെയിന്റനൻസ്(85/17,142/18)<br>കരാറുകാരൻ : ജോൺസൺ.വി.ജെ<br>എഗ്രിമെന്റ് നം./ തീയതി : 29/AE/LSGD/KTND/16-17 /06-03-17<br>പ്രവൃത്തിയുടെ കാലാവധി : 6 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 06-03-17<br>പൂർത്തീകരിച്ച തീയതി: 29-01-18<br>ബിൽ നം. / തീയതി :189/17-18/22-03-18<br>തുക 323749/- | 428837 | 06-09-2017 മുതൽ 20-10-2017 വരെ | 4288 |
| | | | 21-10-2017 മുതൽ 04-12-2017 വരെ | 8576 |
| | | | ആകെ | 12864 |
| 2. | നടയ്ക്കൽ അങ്കണവാടി നം.115 മെയിന്റനൻസ്(86/17,143/18)<br>കരാറുകാരൻ : ജോൺസൺ.വി.ജെ<br>എഗ്രിമെന്റ് നം./ തീയതി :27/AE /LSGD/KTND/16-17 /06-03-17<br>പ്രവൃത്തിയുടെ കാലാവധി : 4 മാസം | 147916 | 06-07-2017 മുതൽ 05-08-2017 വരെ | 1479 |
| | | | 06-08-2017 മുതൽ | 2958 |

| | | | | |
|---|---|---|---|---|
| | ആരംഭിച്ച തീയതി : 06-03-17<br>പൂർത്തീകരിച്ച തീയതി: 29-01-18<br>ഫൈനൽ ബിൽ നം. / തീയതി : 188/17-18/22-03-18<br>തുക 114495/- | | 05-09-2017 വരെ | |
| | | | ആകെ | 4437 |
| 3. | സ്റ്റാർ ജം. കാക്കാമല കോട്ടയിൽ പടി റോഡ് കോൺക്രീറ്റിംഗ്(90/18)<br>കരാറുകാരൻ : ജോൺസൺ.വി.ജെ<br>എഗ്രിമെന്റ് നം./ തീയതി :16/AE /LSGD/KTND/17-18 /06-10-17<br>പ്രവൃത്തിയുടെ കാലാവധി : 4 മാസം<br>ആരംഭിച്ച തീയതി : 06-10-17<br>പൂർത്തീകരിച്ച തീയതി: 26-02-18<br>ഫൈനൽ ബിൽ നം. / തീയതി : 174/17-18/13-03-18<br>തുക 367133/- | `367280 | 06-02-2018 മുതൽ 26-05-2017 വരെ | 3354 |
| 4. | പുതുക്കുടിമുക്ക് മണ്ണാത്തിക്കുഴി കാവുങ്കൽ പടി റോഡ് കോൺക്രീറ്റിംഗ് (37/17, 138/18)<br>കൺവീനർ : എബ്രഹാം ജോർജ്ജ്<br>എഗ്രിമെന്റ് നം./ തീയതി :14/AE /LSGD/KTND/16-17 /28-01-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 28-01-17<br>പൂർത്തീകരിച്ച തീയതി: 12-06-17<br>ഫൈനൽ ബിൽ നം. / തീയതി : 2/17-18/05-07-17<br>തുക 342559/- | 340371 | 28-04-2017 മുതൽ 20-05-2017 വരെ | 3404 |
| | | | 21-05-2017 മുതൽ 11-06-2017 വരെ | 6808 |
| | | | ആകെ | 10212 |

<table>
<tr><td rowspan="3">5.</td><td rowspan="3">കുമ്പളന്താനം എൽ.പി.എസ് ചെമ്പകശ്ശേരിപ്പടി റോഡ് കോൺക്രീറ്റിംഗ് (83/17, 141/18)<br>കൺവീനർ : ജോസഫ് ജോൺ<br>എഗ്രിമെന്റ് നം./ തീയതി : 22/AE/LSGD/KTND/16-17 /09-02-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 09-02-17<br>പൂർത്തീകരിച്ച തീയതി: 05-06-17<br>ഫൈനൽ ബിൽ നം. / തീയതി : 3/17-18/05-07-17<br>തുക 299212/-</td><td rowspan="3">299212</td><td>09-05-2017 മുതൽ 31-05-2017 വരെ</td><td>2992</td></tr>
<tr><td>01-06-2017 മുതൽ 05-06-2017 വരെ</td><td>1360</td></tr>
<tr><td>ആകെ</td><td>4352</td></tr>
<tr><td>6.</td><td>അത്യാലിൽപ്പടി ലത്തീൻ പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് (30/17, 137/18)<br>കൺവീനർ : കുരുവിള ശാമുവൽ<br>എഗ്രിമെന്റ് നം./ തീയതി : 13/AE/LSGD/KTND/16-17 /28-01-17<br>പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 28-01-17<br>പൂർത്തീകരിച്ച തീയതി: 10-05-17<br>ഫൈനൽ ബിൽ നം. / തീയതി : 6/17-18/05-07-17<br>തുക 198570/-</td><td>167217</td><td>28-04-2017 മുതൽ 10-05-2017 വരെ</td><td>945</td></tr>
<tr><td>7.</td><td>കുരിശുമൂട്ടം വെള്ളയിൽ റോഡ് കോൺക്രീറ്റിംഗ് (131/17, 147/18)<br>കൺവീനർ : എബ്രഹാം<br>എഗ്രിമെന്റ് നം./ തീയതി : 25/AE/LSGD/KTND/16-17 /06-03-17</td><td>309570</td><td>06-06-2017 മുതൽ 21-06-2017 വരെ</td><td>2154</td></tr>
</table>

| | | | | |
|---|---|---|---|---|
| | പ്രവൃത്തിയുടെ കാലാവധി : 3 മാസം<br>ആരംഭിച്ച തീയതി : 06-03-17<br>പൂർത്തീകരിച്ച തീയതി: 21-06-17<br>ഫൈനൽ ബിൽ നം. / തീയതി : 8/17-18/21-08-17<br>തുക 306564/- | | | |

പിഴയീടാക്കാത്തതിനെ സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഒഡിറ്റ് എൻക്വയറിക്ക് (13/26-12-2018) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 23-01-2018ലെ I(3) ാം നം.തീരുമാന പ്രകാരം ശ്രീ. ജോൺസൺ വി.ജെ എന്ന കരാറുകാരനെ പിഴ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചു . പ്രസ്തുത തീരുമാനം പരിശോധിച്ചതിൽ നിന്നും ടിയാൻ അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് രേഖാമൂലം കമ്മിറ്റിയെ അറിയിച്ചിട്ടുള്ളതായും 31-01-18 ന് മുമ്പ് പൂർത്തീകരിക്കുന്ന വേലകൾക്ക് പിഴ ഒഴിവാക്കി നൽകുന്നതിന് അസി. എഞ്ചിനിയറെ അനുവദിച്ച് തീരുമാനിച്ചിട്ടുണ്ട്. പിഴ ഒഴിവാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിക്കുന്നതിനും കമ്മിറ്റിയുടെ തീരുമാനം പൊതുമരാമത്ത് മാന്വലിന് വിരുദ്ധമാണ്. എന്നാൽ സ്റ്റാർ ജം. കാക്കാമല കോട്ടയിൽ പടി റോഡ് കോൺക്രീറ്റിംഗ് (90/18) എന്ന പ്രവൃത്തി 26-02-18 ൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന് പിഴ ഒഴിവാക്കിയത് തീരുമാനത്തിന് വിരുദ്ധമായാണ്. കരാറുകാരന്റെ പിഴ ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള കത്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്രമ നം.4,5,6,7 പ്രകാരമുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ പിഴയീടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടുമില്ല. സമയബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധത്തിൽ പിഴ ചുമത്തിക്കൊണ്ട് കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ

27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊറ്റനാട് ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ ഇത്തരത്തിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല. മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2017-18 വരെ

എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2016-17 | 1 | 7890 | 0 | 7890 |
| 2017-18 | 0 | 0 | | |

2016-17 മുതൽ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (05/18-12-18) മറുപടിയായി ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ടെണ്ടർഫീ സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നൽകി ആയത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകാഞ്ഞത് മൂലമാണ് തുക തിരിക ലഭിക്കാൻ കാലതാമസമുണ്ടയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-8 കരാറുകാരന് നൽകിയ പ്രതിഫലത്തിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് നിർമ്മാണ സാമഗ്രികൾ സപ്ലൈ ചെയ്തതിനും കോൺക്രീറ്റിംഗ് മിക്സർ, വൈബ്രേറ്റർ എന്നിവ വാടകയ്ക്ക് നൽകിയതിനുമായി കരാറുകാരന് നൽകിയ പ്രതിഫലത്തിൽ നിന്നും നിന്നും ആദായ നികുതി ഇടാക്കിയിട്ടില്ല.

ആദായനികുതി നിയമം 194 സി വകുപ്പ് അനുസരിച്ച് 30000 രൂപയ്ക്ക് മുകളിലുള്ള കരാറുകൾക്ക് കരാർ തുകയുടെ 1% തുക ആദായ നികുതി ഇനത്തിൽ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിക്കൊണ്ടുവേണമായിരുന്നു പ്രതിഫലം നൽകേണ്ടിയിരുന്നത്. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യിൽ ഉൾപ്പെടുത്തിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് നിർമ്മാണ സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനും കോൺക്രീറ്റിംഗ് ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിനും 01-03-18ൽ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ ഏറ്റെടുത്ത താഴെ പ്പറയുന്ന കരാറുകാരന് അവർ ക്വോട്ട് ചെയ്ത കുറഞ്ഞ നിരക്ക് അനുസരിച്ച് നൽകേണ്ട പ്രതിഫലം 30000 രൂപയ്ക്ക് മുകളിലായിരുന്നിട്ടും ആദായ നികുതി കുറവ് ചെയ്യാതെയാണ് പ്രതിഫലം നൽകിയത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ആദായ നികുതി ഇനത്തിൽ ഒടുക്കേണ്ട തുക കൂടി പ്രതിഫലത്തിൽ ഉൾപ്പെട്ടതിനാൽ കരാറുകാരന് അർഹതപ്പെട്ടതിനേക്കാൾ അധിക പ്രതിഫലം നൽകിയിരിക്കുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, കരാറുകാരൻ ബിൽ നം, തീയതി | നിർമ്മാണ സാമിഗ്രിയുടെ വിവരം | സപ്ലൈ ചെയ്ത അളവ്, ക്വോട്ട് ചെയ്ത കുറഞ്ഞ നിരക്ക് | കരാറുകാരന് നൽകിയ പ്രതിഫലം , | കുറവ് ചെയ്യേണ്ടിരുന്ന ആദായ നികുതി |
|---|---|---|---|---|
| കുമ്പളന്താനം വാട്ടർ ടാങ്ക് പടി റോഡ് കോൺക്രീറ്റിംഗ് പി.എ. മാണിക്കനാചാരി എം.ബുക്ക് നം.71/17-18 ഫെഡറൽ ബാങ്ക് | 40mm മെറ്റൽ | 8.125m3 @ 1225/m3 | 9953.12 | 792 |
| | 20mm മെറ്റൽ | 7.187m3 @1100/m3 | 7906.25 | |
| | 10mm മെറ്റൽ | 1.375m3 @1300/m3 | 1787.5 | |

| | | | | |
|---|---|---|---|---|
| പഴവങ്ങാടി A/C No.10400100085133(T/C) തീയതി : 31-03-18 | എം.സാന്റ് | 8.656m3 @2450/m3 | 21207.20 | |
| | സിമന്റ് ബാഗ് | 82.5 bag @385/bag | 31762.5 | |
| | | ആകെ | 72616.57 | |
| | കോൺക്രീറ്റിംഗ് മിക്സർ | 1.3125 day @2300 | 3018.75 | |
| | വൈബ്രേറ്റർ | 1.3125 day@ 500 | 656.25. | |
| | വെള്ളം നനയ്ക്കുന്നതിന് | | 3000 | |
| | | | 79291.57 | |
| | | തുക ക്ലിപ്തപ്പെടുത്തിയത് | 79222 | |

ആദായ നികുതി കുറവ് ചെയ്യാഞ്ഞതുമൂലം കരാറുകാരന് അധിക പ്രതിഫലം നൽകിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/26-12-18) അക്രഡിറ്റഡ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 792/- രൂപ ടി കാരാറുകാരനിൽ നിന്നും ഈടാക്കി കേന്ദ്ര ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. നികുതി സംബന്ധമായ വിഷയങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതി മുമ്പാകെ സമർപ്പിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17 ൽ ആവിഷ്കരിച്ച് 2017-18 ൽ സ്പിൽ ഓവറായി നടപ്പാക്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇലക്ട്രിക്കൽ പ്രവൃത്തിക്ക് ലംപ്സമായി തുക വകയിരുത്തിയിരിന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | സാങ്കേതികാനുമതി | ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | മഠത്തുംചാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഒ.പി. കെട്ടിട നിർമ്മാണം (S0129/17, 146/18) | 1323376 | 65832/2016-17 /23-01-17 അസി.എക്സി. എഞ്ചിനിയർ,എൽ.എസ്.ജി.ഡി, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 1096219 |

ജി.ഒ(എം.എസ്)4/2016, തസ്വ.ഭ.വ തീ.11-01-16 പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ രേഖയിൽ (2016-17 വർഷത്തേക്ക്) ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഏതെല്ലാം ഇനങ്ങൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് എന്നിവയ്ക്ക് ലംപ്സം ആയി തുക വകയിരുത്തണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യുകയാണ് വേണ്ടത്. തുകയ്ക്ക് പരിമിതിയുണ്ടെങ്കിൽ ബഹു വർഷ

പ്രോജക്ടായാണ് ഏറ്റെടുക്കേണ്ടത്. തുകയ്ക്കനുസൃതമായി ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് അംഗീകാരം നൽകുവാനോ പാടില്ലെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ പ്ലംബിംഗ് ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിരുന്നില്ല. മേൽ ഉത്തരവിന് വിരുദ്ധമായാണ് സാങ്കേതികാനുമതി നല്കിയിട്ടുള്ളത് . ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/24-12-18) ലഭ്യമാക്കിയ മറുപടിയിൽ അനുവദിച്ച തുക അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി നിർമ്മാണം ആരംഭിച്ചതെന്നും 2017-18 ൽ പൂർത്തീകരിച്ചതായും അറിയിച്ചു. 2018-19 വാർഷിക പദ്ധതിയിൽ ടി കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷനായി പി.എച്ച്.സി ഒ.പി കെട്ടിടം വയറിംഗ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും അസി. എഞ്ചിനിയർ അറിയിച്ചു.

പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തുകവകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ജനറൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2017-18 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 40പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 105468/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നുമുള്ള തൻ വർഷത്തെ ക്ഷേമ നിധി ഇനത്തിലുള്ള ആകെ ഡിമാന്റ് 105468/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിച്ച് ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-11 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം

കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പ്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ച്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ആവശ്യമാണെന്ന് കമ്മിറ്റിയെ ധരിപ്പിക്കേണ്ടതും ഈ വിഷയത്തിന്മേൽ ഭരണസമിതി തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

## 3-12 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം- പദ്ധതികൾ നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 19 അംഗൻവാടികളിൽ 13 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പല അംഗൻവാടികൾക്കും അറ്റകുറ്റപണികൾ ആവശ്യമുണ്ട് എന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ നിന്നും വ്യക്തമാണ്. അംഗൻവാടി അറ്റകുറ്റപണികൾക്കായി പ്രോജക്ട് തയ്യാറാക്കുന്നെങ്കിലും ആയത് നടപ്പാക്കുന്നില്ല. ഓഡിറ്റ് വർഷം 6 അംഗൻവാടികളുടെ അറ്റകുറ്റപണികൾക്ക് പ്രോജക്ട് രൂപീകരിച്ചെങ്കിലും 2 എണ്ണത്തിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. അനുപൂരക പോഷഹാകാര പദ്ധതിക്കുള്ള കേന്ദ്രവിഹിതം 386725 രൂപ 31.03.18-ൽ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ടി തുക അംഗൻവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഉപയോഗിക്കാവുന്നതാണ്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ആശ്രയ പദ്ധതി- നടത്തിപ്പിൽ അലംഭാവം

ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 ഘട്ടത്തിലുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. തൻ വർഷവും മുൻ വർഷങ്ങളിലെപ്പോലെ ഭക്ഷണവിതരണത്തിൽ മാത്രമായി പദ്ധതി ചുരുങ്ങി. ഒന്നാം ഘട്ട പദ്ധതിയിൽ 530101 രൂപ, രണ്ടാം ഘട്ട പദ്ധതിയിൽ 860869 രൂപ എന്നിങ്ങനെ 13 ലക്ഷത്തിലധികം രൂപ അക്കൗണ്ടിൽ അവശേഷിക്കുമ്പോഴും ഫലപ്രദമായി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഒരു യോഗത്തിലും ആശ്രയ പദ്ധതി സംബന്ധിച്ച് ചർച്ച നടത്തിയിട്ടില്ല. പദ്ധതി പ്രവർത്തം ഫലപ്രദമാക്കുവാൻ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | 100000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 50000 | അംഗൻവാടി അനുപൂരക പോഷഹാകാര വിതരണം | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 1100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1100000 | 0 |
| | 135716 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 135716 | 716 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | നടയ്ക്കൽ ഭ്രഹിത കോളനി പൈപ്പ് ലൈൻ | 100000 | 0 | ലഭ്യമല്ല |
| കെ.എസ്.ഇ.ബി | വൃന്ദാവനം തെക്കേക്കുഴി സ്ട്രീറ്റ് ലൈൻ വലിക്കൽ | 117276 | 0 | ലഭ്യമല്ല |
| | അത്യാൽ–അരയാലുങ്കൽ സ്ട്രീറ്റ് ലൈൻ | 78000 | 0 | ലഭ്യമല്ല |
| | പുത്തൂർമുക്ക് - അരിക്കൽ സ്ട്രീറ്റ് ലൈൻ | 75000 | 0 | ലഭ്യമല്ല |
| | സ്റ്റേഡിയം ചുക്കുകവല-വെള്ളയിൽ സ്ട്രീറ്റ് ലൈൻ | 75000 | 0 | ലഭ്യമല്ല |
| | ചാലാപ്പള്ളി-നടമലക്കുന്ന് സ്ട്രീറ്റ് ലൈൻ | 21000 | 0 | ലഭ്യമല്ല |
| | പുന്നനിൽക്കുംനിരവ്-അടിയാനി സ്ട്രീറ്റ് ലൈൻ | 24000 | 0 | ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | പൊറോട്ടമുക്ക്- കുരിശുമുട്ടം സ്ട്രീറ്റ് ലൈൻ വലിക്കൽ | 50000 | 0 | ലഭ്യമല്ല |
| | തെരുവുവിളക്കുകൾ മീറ്റർ സ്ഥാപിക്കൽ | 678400 | 0 | ലഭ്യമല്ല |
| | തെരുവുവിളക്കുകൾക്ക് അധിക തുക | 48124 | 0 | ലഭ്യമല്ല |
| ഭൂജലവകുപ്പ് | വട്ടക്കുന്ന് കോളനി കുടിവെള്ള പദ്ധതി | 444000 | 0 | ലഭ്യമല്ല |
| | അംബേദ്കർ കുരിശുമുട്ടം കോളനി പൈപ്പ് ലൈൻ നീട്ടൽ | 400000 | 0 | ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

**(i)**

ഇല്ല.

വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.(സാധാ)നം. 961/2010 /തസ്വഭവ തീയതി 20.03.2010 | 6830000 | 595600 | 595590 | -- | 10 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2013-14 | 3(3) | 10467 | ശ്രീ. പി. റ്റി. ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ | 117020103168/ 04.01.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 29 | 2003-04 | 105 | വനിതകൾക്ക് തയ്യൽ യൂണിറ്റ് | അവശേഷിച്ച തയ്യൽ മെഷീനുകൾ മറ്റ് വാർഡുകളിലേക്ക് കൈമാറിയതായി നിയമസഭാ സമിതിയെ അറിയിച്ചിട്ടുണ്ട്. |
| 1999-2000 | 30 | 2003-04 | 105 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | കമ്പ്യൂട്ടർ പരിശീലന സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40556413 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37600758 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| ഖ: 3-10 | ആദായ നികുതി | 792/- രൂപ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി.2-23/98/ 2.2.99/5-2-2000 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-288/03/ 6.8.2003/28.11.2003 | 2 |
| 1997-98 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4/288/03 6.8.2004/28.11.2004 | |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ. പി.5/248/06 9.11.2006/12.11.2007 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-223/2003 3.3.2003/5.6.2003 | 4 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി.4.127/2004 15.05.2004/19.07.2004 | 1 |
| 2001-02 | എൽ.എഫ്.പി.റ്റി.എ. | 4 |

| | | |
|---|---|---|
| (ജ.ആ ) | പി.4-126/04 15.05.2004/19.07.2004 | |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.5/726/07 10.10.2007 | 9 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി.8/205/2010 4.10.2010/29.07.2011 | 9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി.7/901/11 14.05.2014 | മുഴുവൻ ഖണ്ഡികകളും |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി.7/896/2011 7.12.2011/20.11.2012 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി.7/452/2012 19.07.2012/14.05.2014 | മുഴുവൻ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി.7/453/2012 19.07.2012/6.3.2013 | ” |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി.7/454/2012 19.07.2012/6.3.2013 | ” |
| 2009-10 | എൽ.എഫ്.പി.റ്റി.എ. പി.7/455/2012 19.07.2012/6.3.2013 | ” |
| 2010-11 | എൽ.എഫ്.പി.റ്റി.എ. പി.7/456/2012 19.07.2012/6.3.2013 | ” |
| 2011-12& 2012-13 | എൽ.എഫ്.പി.റ്റി.എ. പി7/33/2014 24-04-14/13-05-14വർഷം<br><br>ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം<br><br>തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | ” |
| 2013-14 | എൽ.എഫ്.പി.റ്റി.എ. പി8/536/2015 01-07-2015 | ” |
| 2014-15 | എൽ.എഫ്.പി.റ്റി.എ. | ” |

| | | |
|---|---|---|
| | പി7/698/2016 22-06-2016 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി 7/1382/16 , 03-01-2017 | „ |
| 206-17 | കെ.എസ്.എ.പി.റ്റി.എ പി 7/1181/17 , 04.11-2017 | „ |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# ANNEXURE - I

# AUDIT CERTIFICATE

No.KSA.PTA.P7/1629/2018 Dated: 14.01.2019

Certified that I have examined the Annual Financial Statement of Kottanadu Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kottanadu Gramma Panchayat** for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

**HABEEB MOHAMMED**

**Deputy Director (H.G)**

**Kerala State Audit Department**

**Pathanamthitta**

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി7/1629/2018 തീയതി: 14.01.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കൊറ്റനാട്

ഗ്രാമപഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട